നെടുമങ്ങാട് സബ്ട്രഷറിയിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

21 (1816) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് സബ്ട്രഷറിയിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഇപ്പോൾ എത്ര തസ്തികയിൽ ജീവനക്കാരുണ്ട് ;

(സി) സബ്ട്രഷറി ജീവനക്കാരുടെ അമിത ജോലി ഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 15 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 14 തസ്തികയിൽ ജീവനക്കാരുണ്ട്.

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിലെ നിയന്ത്രണങ്ങൾമൂലം കൂടുതൽ ജീവനക്കാരെ നിയമിക്കുവാൻ നിർവ്വാഹമില്ല.

കൂടുതൽ ഭാഗ്യക്കുറികൾ നടത്താനുള്ള തീരുമാനം

22 (1817) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ ഭാഗ്യക്കുറികൾ നടത്തി ലാഭം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി സർക്കാർ ആലോചിച്ചിട്ടുണ്ടോ ;

(ബി) അത് സംബന്ധിച്ച തീരുമാനം എന്തായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 'ചൈതന്യ' എന്ന പേരിൽ 10 രൂപ മുഖവിലയോട് കൂടിയതും 20 ലക്ഷം രൂപ ഒന്നാം സമ്മാനം നൽകുന്നതുമായ, എക്സ്ചെയ്ഞ്ച് വില്പന പ്രോൽസാഹിപ്പിക്കുന്നതിനായി ചെറിയ സമ്മാനങ്ങൾ കൂടുതൽ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു പുതിയ ഭാഗ്യക്കുറി ആരംഭിക്കുന്നതിനുള്ള ശുപാർശ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly